(സി) അനിയന്ത്രിതമായി മണലൂറ്റ് നടന്ന പുഴകളുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ ലഘൂകരിക്കാൻ എന്തെങ്കിലും പരിപാടി സ്വീകരിച്ചിട്ടുണ്ടോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി)പുഴകളിൽ നിന്നുള്ള അമിതമായ മണൽവാരൽ നിയന്ത്രിക്കുന്നതിനു വേണ്ടി, എല്ലാ ജില്ലകളിലും, ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജലസേചന വകുപ്പിലെ എക്സി. എഞ്ചിനീയർ കൺവീനറുമായുള്ള ഒരു വിദഗ്ധ സമിതി നിലവിലുണ്ട്. ഈ സമിതിയുടെ നേതൃത്വത്തിൽ റവന്യൂ, ആഭ്യന്തര വകുപ്പുകൾ അനധികൃത മണൽവാരൽ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) മണൽവാരൽ മൂലം നദിയുടെ അടിത്തട്ട് സമുദ്രനിരപ്പിൽ നിന്നും താഴ്ന്നതിനാൽ കടലിൽ നിന്നും കായലിൽ നിന്നും ഉപ്പുവെള്ളം നദിയിലേയ്ക്ക് കയറി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഉപ്പുവെള്ളം കയറാതിരിക്കാനായി പ്രസ്തുത ഭാഗങ്ങളിൽ ഓരുബണ്ടുകൾ നിർമ്മിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ്

10 (*187) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ (ബി.പി.എൽ) ലിസ്റ്റ് തയ്യാറാക്കിയതിൽ അർഹരായ വളരെയേറെപ്പേർ ഒഴിവാക്കപ്പെട്ടതു പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുന്നവർ എത്ര; ഇതിനുമുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന എത്രപേർ ഒഴിവാക്കപ്പെട്ടു എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ബി.പി.എൽ. സർവ്വെയ്ക്കുള്ള ചോദ്യാവലി തയ്യാറാക്കിയത് ആരാണ്; ചോദ്യാവലിയുടെ ഒരു കോപ്പി ലഭ്യമാക്കാമോ;

(ഡി) അർഹതയുള്ള പാവപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി കൂടുതൽ പേരെ ബി.പി.എൽ.-ൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള ബി.പി.എൽ. ലിസ്റ്റ് റദ്ദാക്കി പുതിയ ലിസ്റ്റ് തയ്യാറാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ&ബി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യ രേഖാ സെൻസസ്സ് നടത്തുന്നതു സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 2003 മെയ്-ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തിയിരുന്നു. സെൻസസ്സിലൂടെ ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. എന്നാൽ ദാരിദ്ര്യരേഖാ സെൻസസ്സ് ലിസ്റ്റിന് അന്തിമ രൂപം നൽകരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശമുള്ളതിനാൽ ദാരിദ്ര്യരേഖാ ലിസ്റ്റിന് അന്തിമ രൂപം നൽകിയിട്ടില്ല.

(സി) ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിനുള്ള ചോദ്യാവലി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തയ്യാറാക്കി അയച്ചു തന്നിരുന്നു. ചോദ്യാവലിയുടെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

(ഡി&ഇ) പുതിയ ബി.പി.എൽ. ലിസ്റ്റിന് അവസാന രൂപം നൽകിയിട്ടില്ല. കൂടുതൽ കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ നിർദ്ദേശം കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല.

തീരദേശങ്ങളിൽ ശുദ്ധജലവിതരണം

11 (*168) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. കളത്തിൽ അബ്ദുള്ള
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള പദ്ധതിയനുസരിച്ച്, ലക്ഷ്യമിട്ടിരുന്ന എല്ലാ പഞ്ചായത്തുകളിലും പണി പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര പഞ്ചായത്തുകളിൽ പണി പൂർത്തിയാക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് പണി പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ-സി) സംസ്ഥാനത്തെ തീരദേശങ്ങളിൽ മാത്രമായി ശുദ്ധജലവിതരണം നടത്തുന്നതിനുള്ള പദ്ധതിയൊന്നും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നില്ല. അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ തീരദേശങ്ങളിലെ ജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്നവയാണ്. അങ്ങനെയുള്ളവ 20 തീരദേശ പഞ്ചായത്തുകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ 23 പഞ്ചായത്തുകളിൽ പണി നടന്നുകൊണ്ടിരിക്കുന്നു. ഇവയുടെ പേരുവിവരവും പണി പൂർത്തിയാക്കാനുദ്ദേശിക്കുന്ന സമയവും അനുബന്ധത്തിൽ കാണിച്ചിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly